മുൻകൂട്ടി തയ്യാറാക്കിയിട്ടുള്ള സെലക്ട് ലിസ്റ്റുകളിൽ നിന്നുമാണ് നാമനിർദ്ദേശം നൽകുന്നത്. സെലക്ട് ലിസ്റ്റുകളുടെ കാലാവധി മൂന്നു വർഷമാണ്. സെലക്ട് ലിസ്റ്റിൽ നിലവിലില്ലാത്ത ഒഴിവുകൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ ലൈവ് രജിസ്റ്ററിൽ നിന്നുമാണ് ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നത്. 2002-2004 വർഷത്തേക്ക് തയ്യാറാക്കിയിട്ടുള്ള സെലക്ട് ലിസ്റ്റുകളാണ് ഇന്ന് നിലവിലുള്ളത്.

അറിയിക്കുന്ന ഒഴിവുകളുടെ 50% ഓപ്പൺ വിഭാഗത്തിനും 50% സംവരണ വിഭാഗത്തിനുമായിട്ടാണ് മാറ്റി വച്ചിരിക്കുന്നത്. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സമാനമായ ഒഴിവുകൾക്കൊന്നും പരിഗണിച്ചിട്ടില്ലാത്ത ഏറ്റവും സീനിയറായ ഉദ്യോഗാർത്ഥികളെയാണ് നിയമനത്തിന് വേണ്ടി ശുപാർശ ചെയ്തുവരുന്നത്.

(സി) ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള വിശദവിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(എഫ്) വിവരം ശേഖരിച്ച് നൽകുന്നതാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനം

82 [536] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേന നിയമനം ലഭിക്കുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ അഞ്ചു വർഷക്കാലത്ത് ഓരോ വർഷവും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേന സംസ്ഥാനത്ത് തൊഴിൽ ലഭിച്ചവരുടെ എണ്ണം സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് എത്ര പേരാണ് വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലായി പേര് രജിസ്റ്റർ ചെയ്തിട്ടുള്ളത് എന്ന് അറിയിക്കുമോ;

(ഡി) രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ എത്ര ശതമാനം പേർക്ക് ശരാശരി ഓരോ വർഷവും നിയമനം ലഭിക്കുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) കഴിഞ്ഞ അഞ്ചു വർഷക്കാലത്ത് ഓരോ വർഷവും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേന സംസ്ഥാനത്ത് തൊഴിൽ ലഭിച്ചവരുടെ എണ്ണം ചുവടെ ചേർക്കുന്നു:

1-1-2000 മുതൽ 31-12-2000 വരെ	..	17,970
1-1-2001 മുതൽ 31-12-2001 വരെ	..	15,750
1-1-2002 മുതൽ 31-12-2002 വരെ	..	11,538
1-1-2003 മുതൽ 31-12-2003 വരെ	..	10,162
1-1-2004 മുതൽ 30-4-2004 വരെ	..	3,384

(സി) സംസ്ഥാനത്ത് 3,638,864 പേർ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

വർഷം		*ശതമാനം*
2000	..	0.41%
2001	..	0.31%
2002	..	0.31%
2003	..	0.21%
2004 (മാർച്ച് 31 വരെ)	..	0.09%

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ളവർ

83 [537] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലിനുവേണ്ടി വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തവർ എത്രയാണ്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇക്കാര്യത്തിൽ എത്ര പേരുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി വിവിധ ഒഴിവുകളിലേയ്ക്കായി എത്ര പേർക്ക് ഇന്റർവ്യൂവിന് അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly